പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 7882 — 23.07.2012-ൽ മറുപടിക്ക്.

## കൊടുവള്ളി പോലീസ് സ്റ്റേഷനിലേക്കുള്ള റോഡു നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) കൊടുവള്ളിയിൽ പണി പൂർത്തിയായ പോലീസ് സ്റ്റേഷൻ കെട്ടിടത്തിലേക്ക് റോഡ് സൗകര്യം ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) പണിപൂർത്തിയായ കൊടുവള്ളി പോലീസ് സ്റ്റേഷൻ കെട്ടിടത്തിലേക്കുള്ള റോഡ് പൂർണ്ണമായും ടാറിങ്ങ് നടത്താത്തതിനാൽ മോശപ്പെട്ട അവസ്ഥയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) റോഡ് നിർമ്മിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | : (ബി) മേൽപ്പറഞ്ഞ റോഡ് അറ്റകുറ്റപ്പണികൾ ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ട് പോലീസ് വകുപ്പ് ഗ്രാമപഞ്ചായത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. |
| (സി) ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയിൽ കൂടി റോഡ് നിർമ്മിക്കുന്നതിന് പ്രസ്തുത വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | : (സി) നടപടി സ്വീകരിച്ചിട്ടുണ്ട്. കൊടുവള്ളി ടൗണിൽ നിന്നും പുതിയ സ്റ്റേഷൻ കെട്ടിടത്തിലേയ്ക്ക് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് വക ഭൂമിയിൽ കൂടി ഒരു റോഡ് നിർമ്മിച്ച് കിട്ടുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ